പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 616

12.6.2012 ൽ
മറുപടിയ്ക്ക്

## സ്മാർട്ട് സിറ്റി കെട്ടിടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) സ്മാർട്ട്സിറ്റി പദ്ധതിയുടെ മാസ്റ്റർപ്ലാൻ അനുസരിച്ച് പ്രത്യേക സാമ്പത്തിക മേഖലയിൽ നിർമ്മിക്കാൻ വിഭാവനം ചെയ്ത മൊത്തം കെട്ടിടങ്ങൾ എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ളതാണെന്ന് വ്യക്തമാക്കുമോ ; | എ) ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം ഏറ്റവും കുറഞ്ഞത് 8.8 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്. |
| ബി) നിർമ്മാണം പൂർത്തിയാക്കിയവയുടെ വിസ്തീർണ്ണം എത്ര ചതുരശ്ര അടിയാണ് ; ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആദ്യ കെട്ടിടത്തിന് വിസ്തീർണം എത്രയാണ് ; പ്രസ്തുത കെട്ടിടത്തിന് പ്രതീക്ഷിക്കുന്ന മൊത്തം നിർമ്മാണ ചെലവ് എത്രയാണ് ; എ.സി. യും പില്ലറുകളും ഉടങ്ങി എല്ലാ പ്രവൃത്തികളും കരാർ എടുത്തത് ഒരു ഏജൻസിയാണോ ; | (ബി), (സി) ആന്റ് (ഡി)<br>10900 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ സ്മാർട്ട്സിറ്റി സെയിൽസ് പവലിയൻ പൂർത്തീകരിച്ചിട്ടുണ്ട്. സ്മാർട്ട്സിറ്റിയുടെ ഉടമസ്ഥത, നടത്തിപ്പ്, വികസനം എന്നിവ സർക്കാരിന് കൂടി പങ്കാളിത്തമുള്ള സ്മാർട്ട്സിറ്റി (കൊച്ചി) ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗത്തിലാണ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ തീരുമാനിക്കപ്പെടുന്നത്. വ്യവസ്ഥയനുസരിച്ച് കെട്ടിടങ്ങൾ Closing Date മുതൽ 10 വർഷത്തിനകം പൂർത്തീകരിക്കേണ്ടതാണ്. ടെൻഡർ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| സി) കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ വിളിച്ചത് എന്നാണെന്നും ടെണ്ടറിൽ എത്ര പേർ പങ്കെടുത്തു എന്നും ഏത് കരാറുകാരനുമായിട്ടാണ് കരാറിൽ ഒപ്പ് വെച്ചത് എന്നും കരാറുകൾ പ്രകാരമുള്ള മൊത്തം തുക എത്രയാണെന്നും വെളിപ്പെടുത്തുമോ ; | |
| ഡി) വ്യവസ്ഥയനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാവുന്ന തീയതി ഏതാണെന്നും എ.സി, പില്ലർ തുടങ്ങി കെട്ടിടം ഉപയോഗിക്കാവുന്ന നിലയിൽ പൂർത്തിയാക്കപ്പെട്ടിട്ടുണ്ടോയെന്നും ഉള്ള വിവരങ്ങൾ ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ